بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 11.11.2022

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

### ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങൾ - 36

اَشْھَدُ اَنْ لَّآ اِلٰہَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَاَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ ○ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ○

اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ الرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○ اِہۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡہِمۡ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَلَا الضَّآلِّیۡنَ ○

ഹദ്റത് അബൂബക്കർ സിദ്ദീഖ്(റ)നെ സംബന്ധിച്ചുള്ള അനുസ്മരണമാണ് നടന്നുവന്നിരുന്നത്. അദ്ദേഹത്തിന്റെ ചരിത്രത്തെ സംബന്ധിച്ച് കുറച്ച് കാര്യങ്ങൾ വിവരിച്ചിരുന്നു. ഇതേപറ്റിയുള്ള നിവേദനങ്ങളിൽ അദ്ദേഹം വംശാവലിയുടെ അറിവിൽ നിപുണനായിരുന്നു എന്നും കവിതയിൽ താത്പര്യമുള്ള ആളായിരുന്നു എന്നും വന്നിട്ടുണ്ട്. ഹദ്റത് അബൂബക്കർ സിദ്ദീഖ് ജനങ്ങളിൽവെച്ച് ഏറ്റവുമധികം അറബികളുടെ വംശാവലിയെ സംബന്ധിച്ച് അറിവുള്ള ആളായിരുന്നു. ഖുറൈശികളിലെ നല്ലതും തിയ്യതുമായ കാര്യങ്ങളെ കുറിച്ചും അദ്ദേഹം ഏറ്റവും കൂടുതൽ അറിവുള്ള ആളായിരുന്നു. അദ്ദേഹം അവരുടെ തിന്മകളെ കുറിച്ച് ചർച്ച ചെയ്യില്ലായിരുന്നു. ഈ കാരണം കൊണ്ട്തന്നെ അദ്ദേഹം, ഹദ്റത് അഖീൽ ബിൻ അബീതാലിബിനെ അപേക്ഷിച്ച് ഖുറൈശികൾക്കിടയിൽ ഏറെ സ്വീകാര്യനായിരുന്നു. ഹദ്റത് അഖീൽ ഹദ്റത് അബൂബക്കറിനെ കഴിഞ്ഞാൽ ഖുറൈശികളുടെ വംശാവലിയെയും പിതൃപരമ്പകളേയും അവരുടെ നൻമ തിന്മകളേയും സംബന്ധിച്ച് ഏറ്റവും അധികം അറിയുന്ന ആളായിരുന്നു. പക്ഷെ ഹദ്റത് അഖീലിനെ ഖുറൈശികൾ ഇഷ്ടപ്പെട്ടിരുന്നില്ല; കാരണം അദ്ദേഹം ഖുറൈശികളുടെ തിന്മകളും എണ്ണുമായിരുന്നു.

മക്കക്കാരുടെ വീക്ഷണത്തിൽ ഹദ്റത് അബൂബക്കർ അവർക്കിടയിൽ ഏറ്റവും നല്ല ആളായിരുന്നു. അതുകൊണ്ടു തന്നെ അവർക്ക് എന്തെങ്കിലും പ്രയാസം നേരിട്ടാൽ അദ്ദേഹത്തോടാണ് സഹായം ചോദിച്ചിരുന്നത്.

ഖുറൈശികളിലെ കവികൾ റസൂൽ തിരുമേനി(സ)യെ സംബന്ധിച്ച് മോശമായ കവിതകൾ പറയുമ്പോൾ ഹദ്റത് ഹസ്സാൻ ബ്നു സാബിത്തിനെയാണ് മറുപടി കൊടുക്കാൻ ചുമതലപ്പെടുത്തിയിരുന്നത്. നബി തിരുമേനി(സ) ഹദ്റത് ഹസ്സാൻ ബ്നു സാബിത്തിനോട് പറഞ്ഞു: നിങ്ങൾ ഹദ്റത് അബൂബക്കറിന്റെ അടുക്കൽ പോകുക. അദ്ദേഹത്തോട് ഖുറൈശികളുടെ വംശാവലിയെ കുറിച്ച് ചോദിച്ചറിയുക. അങ്ങനെ ഹദ്റത് ഹസ്സാന്റെ കവിതകൾ മക്കയിലെത്തുമ്പോൾ മക്കക്കാർ ഇങ്ങനെ പറയുമായിരുന്നു, ഈ വരികൾക്ക് പിന്നിൽ അബൂബക്കറിന്റെ മാർഗദർശനവും അഭിപ്രായങ്ങളുമുണ്ട്.

ഹദ്റത് അബൂബക്കർ സിദ്ദീഖിന്റെ ചരിത്രകാരൻമാർ അദ്ദേഹം കവിതകൾ എഴുതിയിരുന്നോ ഇല്ലയോ എന്ന കാര്യത്തിൽ ചർച്ച നടത്തിയിട്ടുണ്ട്. ഹദ്റത് അബൂബക്കറിന്റെ കവിതകൾ അടങ്ങിയ ഇരുപത്തിയഞ്ചു കാവ്യങ്ങൾ സ്വരൂപിച്ചിട്ടുള്ളത് തുർക്കിയിലെ ഗ്രന്ഥാലയങ്ങളിൽനിന്നും ലഭ്യമായിട്ടുണ്ട്. ഹദ്റത് അബൂബക്കറിന്റെ കവിതകളാണ് അവ എന്ന് പറയപ്പെടുന്നു. ഒരാൾ ഇത്രമാത്രം എഴുതിയിരിക്കുന്നു, ഈ കവിതകൾ ഹദ്റത് അബൂബക്കറിന്റേതാണ് എന്ന് ഇൽഹാമിലൂടെ എനിക്ക് സാക്ഷ്യം നൽകപ്പെട്ടിരിക്കുന്നു. ത്വബഖാത് ഇബ്നു സഅദും സീറത്ത് ഇബ്നു ഹിശാമും ഹദ്റത് അബൂബക്കർ കവിതകൾ രചിച്ചിട്ടുണ്ടായിരുന്നു എന്ന് പറയുന്നു.

നബി തിരുമേനി(സ)യുടെ വഫാത്ത് വേളയിൽ തിരുമേനിയെ മറവടക്കിയതിനുശേഷം ഹദ്റത് അബൂബക്കർ ചില ഈരടികൾ ചൊല്ലുകയുണ്ടായി. അതിന്റെ അർഥം ഇപ്രകാരമായിരുന്നു:

അല്ലയോ നേത്രമേ! ഇരുലോക നേതാവായ നബി തിരുമേനിയെ സംബന്ധിച്ച് നിനക്ക് കരയാനുള്ള അവകാശത്തെകൊണ്ട് സത്യം, നീ കരഞ്ഞുകൊണ്ടിരിക്കുക. ഇനി നിന്റെ അശ്രുക്കൾ ഒരിക്കലും തോരാതിരിക്കട്ടെ. അല്ലയോ നേത്രമേ.! ഖുറൈശ് ഗോത്രത്തിലെ ഏറ്റവും ഉന്നതനായ പുത്രന്വേണ്ടി നീ കരയുക. അദ്ദേഹത്തെ സായം സന്ധ്യയിൽ (ഖബറിൽ) ഒളിപ്പിച്ച് വെച്ചിരിക്കുന്നു. ആകയാൽ രാജാക്കന്മാരുടെ രാജാവും അടിമകളുടെ യജമാനനും ആരാധിക്കുന്നവരുടെ നാഥനുമായവൻ തിരു നബിക്ക് മേൽ അനുഗ്രഹാശിസുകൾ വർഷിക്കട്ടെ. പ്രിയപ്പെട്ടവൻ അകന്നുപോയതിന്ശേഷം ഇനിയെന്ത് ജീവിതം? പത്ത് ലോകങ്ങൾക്ക് സൗന്ദര്യം നൽകുന്ന അസ്തിത്വത്തിന്റെ വേർപാടിനുശേഷം ഇനിയെന്ത് സൗന്ദര്യം.

ഞങ്ങൾ ഈ ജീവിതത്തിൽ ഒന്നിച്ചായിരുന്നു. അഹോ, മരണവും ഞങ്ങളെ ഒന്നിച്ച് പിടികൂടിയിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

അദ്ദേഹം വലിയ ക്രാന്തദർശിയായിരുന്നു. ഹദ്റത് അബൂസഈദ് ഖുദ്രി വിവരിക്കുന്നു: തിരുനബി(സ) പറഞ്ഞു: അല്ലാഹു തന്റെ ഒരു ദാസന് ഈ ലോകത്തെയോ അല്ലാഹുവിന്റെ സാമീപ്യത്തെയോ സ്വീകരിക്കുന്നതിന് അധികാരം കൊടുത്തപ്പോൾ അയാൾ അല്ലാഹുവിന്റെ സാമീപ്യമാണ് താത്പര്യപ്പെട്ടത്. ഇത് കേട്ടപ്പോൾ ഹദ്റത് അബൂബക്കർ കരയാൻ തുടങ്ങി. ഞാൻ എന്റെ മനസ്സിൽ പറഞ്ഞു: ഈ വൃദ്ധനെ എന്ത് കാര്യമാണ് കരയിപ്പിച്ച് കൊണ്ടിരിക്കുന്നത്. (അല്ലാഹുവിന്റെ സാമീപ്യത്തെ തിരഞ്ഞെടുത്ത ദാസൻ തിരുനബി(സ) ആയിരുന്നു.) തിരുനബി(സ) പറഞ്ഞു: അബൂബക്കർ! കരയേണ്ട. എല്ലാ ജനങ്ങളിൽ വെച്ച് തന്റെ സൗഹൃദംകൊണ്ടും സമ്പത്തുകൊണ്ടും ഏറ്റവുമധികം എന്നോട് നന്മ കാണിച്ചയാൾ ഹദ്റത് അബൂബക്കർ തന്നെയാണ്. ഞാൻ എന്റെ ഉമ്മത്തിൽ ആരെയെങ്കിലും സുഹൃത്ത് ആക്കുമായിരുന്നെങ്കിൽ അബൂബക്കറിനെ ആക്കുമായിരുന്നു.

ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) ഈ സംഭവത്തെ പരാമർശിച്ചുകൊണ്ട് പറയുന്നു: തിരുനബി(സ)ന്റെ ജീവിതത്തിലെ അവസാന നാളുകളിൽ നബി(സ) എഴുന്നേറ്റ് സ്വഹാബാക്കളെ സംബോധന ചെയ്തുകൊണ്ടു പറഞ്ഞു: ജനങ്ങളേ! അല്ലാഹുവിന്റെ ഒരു ദാസനുണ്ട്. അയാളുടെ ദൈവം അയാളെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: അല്ലയോ എന്റെ ദാസാ! നീ ഈ ലോകത്തുതന്നെ കഴിയുന്നതിനോ അല്ലെങ്കിൽ എന്റെ അടുത്തേക്ക് വരുന്നതിനോ ഞാൻ നിനക്ക് അധികാരം നൽകുന്നു. അപ്പോൾ ആ ദാസൻ ദൈവസാമീപ്യമാണ് ഇഷ്ടപ്പെട്ടത്. നബി(സ) ഇത് പറഞ്ഞപ്പോൾ ഹദ്റത് അബൂബക്കർ കരയാൻ തുടങ്ങി. ഹദ്റത് അബൂബക്കറിന്റെ തേങ്ങൽ തീരുന്നുണ്ടായിരുന്നില്ല. അവസാനം നബി തിരുമേനി(സ) പറഞ്ഞു: അബൂബക്കറിനോട് എനിക്ക് എത്രമാത്രം സ്നേഹം ഉണ്ടെന്നാൽ അല്ലാഹുവിനെ കൂടാതെ മറ്റാരെയെങ്കിലും ഖലീൽ എന്ന സുഹൃത്ത് ആക്കാൻ പറ്റുമായിരുന്നുവെങ്കിൽ ഞാൻ അബൂബക്കറിനെ ഖലീൽ ആക്കുമായിരുന്നു.

ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: നബി(സ) اَلْيَوْمَ اَكْمَلْتُ لَكُمْ دِيْنَكُمْ وَاَتْمَمْتُ عَلَيْكُمْ نِعْمَتِىْ എന്ന ആയത്ത് പാരായണം ചെയ്തപ്പോൾ ഹദ്റത് അബൂബക്കർ കരയാൻ തുടങ്ങി. അബൂബക്കർ പറഞ്ഞു: എനിക്ക് ഈ ആയത്തിൽ തിരുനബി(സ)യുടെ മരണം മണക്കുന്നു. ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: പ്രവാചകൻമാർ ഉദ്യോഗസ്ഥരെപോലെ തൊഴിലാളികൾ തങ്ങളുടെ ജോലികൾ പൂർത്തിയാക്കി കഴിഞ്ഞാൽ അവിടെ നിന്ന് പോകുന്നു. പ്രവാചകന്മാർ ഏതൊരു കർമ്മത്തിന് വേണ്ടിയാണോ ലോകത്തേക്ക് വരുന്നത് അത് ചെയ്ത ശേഷം പിന്നെ ഈ ലോകത്തോട് വിട പറയുന്നു. اَلْيَوْمَ اَكْمَلْتُ لَكُمْ دِيْنَكُمْ എന്ന ശബ്ദം കേട്ടപ്പോൾ അത് അവസാന ശബ്ദമാണ് എന്ന് ഹദ്റത് അബൂബക്കറിന് മനസ്സിലായി. ഇതിൽനിന്ന് ഹദ്റത് അബൂബക്കറിന്റെ ഉൾകാഴ്ച്ച വളരെ ഉയർന്നതായിരുന്നുവെന്ന് വളരെ വ്യക്തമാകുന്നു.

ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: മൗലവിമാരോട് ചോദിക്കുക, അബൂബക്കർ ബുദ്ധിമാനായിരുന്നില്ലേ. സിദ്ദീഖ് എന്ന് വിളിക്കപ്പെട്ടതും അബൂബക്കർ തന്നെയല്ലേ. ഏറ്റവുമാദ്യം റസൂലുല്ലായുടെ ഖലീഫ ആയതും അദ്ദേഹം തന്നെയല്ലേ. ഭയാനകമായ മതനിരാസത്തിന്റെ വ്യാധിയെ തടഞ്ഞു നിർത്തിക്കൊണ്ട് ഇസ്‌ലാമിന് വലിയ സേവനം ചെയ്തതും ആ മഹാത്മാവ് തന്നെയല്ലേ. പിന്നെ തഖ്‌വയോട് കൂടി നിങ്ങൾ പറയൂ, وَمَا مُحَمَّدٌ اِلَّا رَسُوْلٌ قَدْ خَلَتْ مِنْ قَبْلِهِ الرُّسُلُ എന്ന് ഓതിക്കൊണ്ട് അദ്ദേഹം തെളിവുകൾ സമ്പൂർത്തീകരിക്കുകയല്ലേ ചെയ്തത്. അതല്ല ഒരു കുട്ടിപോലും പറയുന്നതുപോലെ ഈസാ മരിച്ചു എന്ന് മനസ്സിലാക്കുന്നവൻ കാഫിറാണെന്ന ബാലിശമായ വാദമായിരുന്നോ ഉണ്ടായിരുന്നത്. ഈ ആയത്ത് മുഴുവൻ ചൊല്ലിയത് തന്നെ വളരെ വ്യക്തമായ ശക്തിമത്തായ തെളിവുകൾ സമർപ്പിക്കാൻ വേണ്ടിയായിരുന്നോ അതല്ല ദുർബലമായ ഒരു കാര്യം പറയാൻ വേണ്ടിയായിരുന്നോ. ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: اَلْيَوْمَ اَكْمَلْتُ لَكُمْ دِيْنَكُمْ എന്ന ആയത്തിന് രണ്ടു വശങ്ങളുണ്ട്. ഒന്ന് നിങ്ങൾക്ക് പരിശുദ്ധി ഉണ്ടാക്കിയിരിക്കുന്നു. രണ്ട്, ഗ്രന്ഥം പൂർണമായിരിക്കുന്നു. കർത്തവ്യങ്ങൾ പൂർണമായി കഴിയുന്നത് തന്നെ, മരണത്തെക്കുറിച്ചുള്ള തെളിവാണ് എന്നത് ഒരു അംഗീകൃത യാഥാർഥ്യമാകുന്നു. ഭൗതിക ലോകത്തുള്ള ഏർപ്പാടുകൾ പൂർണമാകുമ്പോൾ അവിടെയുള്ള ജോലിക്കാർ പിരിഞ്ഞു പോകുന്നു. തിരുനബി(സ) അബൂബക്കറിന്റെ ഈ കഥ അറിഞ്ഞപ്പോൾ പറഞ്ഞു. ഏറ്റവുമധികം ബുദ്ധിമാൻ അബൂബക്കർ തന്നെയാണ്. ഈ ലോകത്ത് ആരെയെങ്കിലും സ്ഥായിയായ സുഹൃത്ത് ആക്കാൻ കഴിയുമായിരുന്നുവെങ്കിൽ ഞാൻ അബൂബക്കറിനെ അങ്ങനെ ആക്കുമായിരുന്നു. പറയുന്നു: അബൂബക്കറിന്റെ ജനാല മസ്ജിദിലേക്ക് തുറന്നിരിക്കുന്നതാണ്. മറ്റുള്ളവയെല്ലാം അടക്കേണ്ടതാണ്. ഇത് തമ്മിലുള്ള ബന്ധമെന്താണ്? അതിന്റെ വിവക്ഷ എന്താണ്? പറയുന്നു: ഓർക്കുക! മസ്ജിദ് ദൈവഭവനമാകുന്നു. എല്ലാ ആധ്യാത്മിക ജ്ഞാനങ്ങളുടെയും ഉറവിടമാണത്. ഹദ്റത് അബൂബക്കറിന്റെ അകതാരിലുള്ള ജനാല ഈ വശത്തേക്കാണുള്ളത്. അതുകൊണ്ട് ഈ ജനൽ തുറന്നിരിക്കേണ്ടതാണ്. മറ്റു സ്വഹാബാക്കൾ ഇതിൽ നിന്ന് ഒഴിഞ്ഞവരായിരുന്നു എന്നല്ല ഉദ്ദേശിക്കുന്നത്.

അവർക്കിടയിലും വലിയ വലിയ ക്രാന്തദർശികൾ ഉണ്ടായിരുന്നു. എന്നാൽ അവരിൽ ഏറ്റവും അധികം ഉൾക്കാഴ്ച ഉണ്ടായിരുന്നത് ഹദ്റത് അബൂബക്കറിനായിരുന്നു. മറിച്ച് അബൂബക്കറിന്റെ മേന്മ ആരംഭ കാലത്തും അവസാനകാലത്തും അതിന്റെ മാതൃകകൾ സമർപ്പിച്ചിട്ടുണ്ടായിരുന്നു. അതായത് അബൂബക്കറിന്റെ അസ്തിത്വം രണ്ടു വിധത്തിലുള്ള ഉൾകാഴ്ചകളുടെയും കേദാരമായിരുന്നു.

ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: ഹദ്റത് അബൂബക്കർ സിദ്ദീഖ്(റ) അനുഭവജ്ഞാനവും ഉൾകാഴ്ചയുമുള്ള ആളുകളിൽ ഉൾപ്പെടുന്നു. അദ്ദേഹം നിരവധി സങ്കീർണമായ പ്രശനങ്ങളും പ്രയാസങ്ങളും കണ്ടിട്ടുണ്ട്. നിരവധി യുദ്ധങ്ങളിൽ ഭാഗഭാക്കായി. അവരുടെ യുദ്ധനീക്കങ്ങൾ കണ്ടു. അദ്ദേഹം നിരവധി മണൽപ്പരപ്പുകളും നിരത്തുകളും താണ്ടിയിട്ടുണ്ട്. എത്ര ഭയാനകമായ നിരവധി സ്ഥലങ്ങളിൽ അദ്ദേഹം നുഴഞ്ഞുകയറി. വക്രമായ അനവധി വഴികളെ ഋജുവാക്കി. നിരവധി യുദ്ധങ്ങളിൽ മുന്നിട്ട് നിന്നു. എത്ര മാത്രം കുഴപ്പങ്ങളെയാണ് അദ്ദേഹം ഇല്ലാതാക്കിയത്. നിരവധി ദൂരം അദ്ദേഹം താണ്ടി. അങ്ങനെ അദ്ദേഹം അനുഭവജ്ഞാനിയും ഉൾകാഴ്ചയുള്ളവനുമായി. പ്രയാസങ്ങളിൽ ക്ഷമ കൈകൊള്ളുന്നവനും അധ്വാനശീലനുമായി. അല്ലാഹു അദ്ദേഹത്തെ തന്റെ ആയത്തുകളുടെ കേന്ദ്രമായ തിരുമേനി(സ)ന്റെ സൗഹൃദത്തിന് വേണ്ടി തിരഞ്ഞെടുത്തു. അദ്ദേഹത്തിന്റെ സത്യന്ധത കാരണം അദ്ദേഹം സ്തുതിക്കപ്പെടുമാറായി. ഈ സൂചന നൽകുന്നത് അദ്ദേഹം നബി(സ) യുടെ പ്രിയപ്പെട്ടവരിൽ ഏറ്റവും ഉന്നതനായിരുന്നു എന്നതാണ്. അദ്ദേഹം സ്വാതന്ത്ര്യത്തിന്റെ ധാതുവിനാലാണ് സൃഷ്ടിക്കപ്പെട്ടത്. കൂറ് അദ്ദേഹത്തിന്റെ അകതാരിൽ ഉണ്ടായിരുന്നു. അതുകൊണ്ടു തന്നെ അദ്ദേഹത്തെ വളരെ ഭയാനകമായ സന്ദർഭങ്ങളിലേക്കും ദുഷ്കരമായ സമയങ്ങളിലേക്കുംവേണ്ടി തിരഞ്ഞെടുത്തു. അല്ലാഹു ഏറ്റവും അറിയുന്നവനും യുക്തിശാലിയുമാകുന്നു. അവൻ എല്ലാ കാര്യങ്ങളും യാഥോചിതം വെക്കുന്നു. ആകയാൽ അവൻ തന്നെയാണ് അബൂകഹാഫയുടെ മകന്മേൽ ദൃഷ്ടിപതിക്കുകയും അദ്ദേഹത്തിന്മേൽ വലിയ ഔദാര്യം ചൊരിയുകയും ചെയ്തത്. അദ്ദേഹത്തെ വ്യതിരിക്തമായ ജീവിതത്തിന്റെ ഉടമയാക്കി.

ഹദ്റത് അബൂബക്കർ(റ)നു സ്വപ്ന വ്യാഖാന ശാസ്ത്രവും നല്ലപോലെ അറിയാമായിരുന്നു. എഴുതുന്നു, സ്വപ്ന വ്യഖ്യാനത്തിൽ ഹദ്റത് അബൂബക്കർ സിദ്ദീഖ് നല്ല പ്രാവീണ്യമുള്ള ആളായിരുന്നു. തിരുനബി(സ)ന്റെ പരിശുദ്ധ കാലഘട്ടത്തിലും അദ്ദേഹം സ്വപ്നങ്ങൾ വ്യാഖ്യാനിക്കാറുണ്ടായിരുന്നു. ഇമാം മുഹമ്മദ് ബിൻ സീരീൻ പറയുന്നു: റസൂലുല്ലാഹ്(സ)നു ശേഷം ഹദ്റത് അബൂബക്കർ സിദ്ദീഖ് ഏറ്റവും വലിയ സ്വപ്ന വ്യാഖ്യാതാവ് ആയിരുന്നു.

നബി(സ)യുടെ അഭാവത്തിൽ മസ്ജിദ് നബ്വിയിൽ നമസ്കരിപ്പിക്കാൻ ഭാഗ്യം ലഭിച്ച ചിലയാളുകളിൽ ഹദ്റത് അബൂബക്കറും ഉൾപ്പെടുന്നു. ഹദ്റത് അബൂബക്കറിന് മാത്രം ലഭ്യമായ ഒരു പ്രത്യേക സൗഭാഗ്യം എന്തെന്നാൽ നബി(സ) തന്റെ അവസാന നാളുകളിൽ തിരുനബിയുടെ പ്രത്യേക നിർദേശ പ്രകാരം അദ്ദേഹത്തിന് നമസ്കരിപ്പിക്കാൻ സൗഭാഗ്യം ലഭിച്ചിരുന്നു. ഹദ്റത് ആഇശ വിവരിക്കുന്നു: നബി(സ) പറഞ്ഞു: ജനങ്ങളിൽ അബൂബക്കർ ഉണ്ടായിരിക്കുമ്പോൾ അദ്ദേഹമല്ലാതെ മറ്റാരും നമസ്കരിപ്പിക്കുന്നത് അഭികാമ്യമല്ല.

ഇൻശാ അല്ലാഹ് ഈ വിവരണം ഇനിയും തുടരുന്നതാണ്.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubaarack U.K. – on 11.11.2022
Malayalam Translation: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.
Typing: Moulavi Waseem ahmad Chelakkara